(സി) ഇത് എന്നു നടപ്പിലാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

തൊഴിലും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി (ശ്രീ. എം. കെ. രാഘവൻ): (എ) ഉണ്ട്. ലോക തൊഴിലാളി സംഘടനയുടെ സഹകരണത്തോടുകൂടി "അഡ്വാൻസ്ഡ് വൊക്കേഷണൽ ട്രെയിനിംഗ് സിസ്റ്റം" (A. V. T. S) എന്ന ഒരു പരിശീലന പദ്ധതി 1977-ൽ കളമശ്ശേരി ഐ. റി. ഐ. യിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനും പുറമേ ഗ്രാമീണ പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള ചില കരടു നിർദ്ദേശങ്ങളും ലോക തൊഴിലാളി സംഘടനയിൽനിന്ന് ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതിനെ സംബന്ധിച്ചുള്ള അന്തിമ രൂപരേഖ ഐ. എൽ. ഒ. സംഘടനയിൽനിന്ന് ലഭിച്ചിട്ടില്ല. അതുകൂടി ലഭിച്ചതിനു ശേഷമേ ഗ്രാമീണ പരിശീലന കേന്ദ്രങ്ങളെപ്പറ്റി എന്തെങ്കിലും തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

(ബി, സി) 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മിനിമം വേജസ് കമ്മിറ്റിയുടെ ശുപാർശ

*354 [373] ശ്രീ. എസ്. തങ്കപ്പൻ പിള്ള:
ശ്രീ. ആർ. സുന്ദരേശൻ നായർ:
ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേജസ് കമ്മിറ്റിയുടെ ശുപാർശ സർക്കാരിന്റെ ചുവപ്പു നാടയിൽ കുരുങ്ങി യഥാസമയം നടപ്പിലാക്കാൻ കഴിയാതെ വന്നിരിക്കുന്നു എന്ന പത്ര വാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) മിനിമം വേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് അത് സംസ്ഥാന മിനിമം വേജസ് അഡ്വൈസറി ബോർഡ് പരിശോധിച്ചു ശുപാർശ ചെയ്തിരിക്കണം എന്ന് ചട്ടം അനുശാസിക്കുന്നുണ്ടോ;

(സി) പ്രസ്തുത ബോർഡ് ഇപ്പോഴും നിലവിലുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

തൊഴിലും ഭവന നിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ): (എ) ഒരു പത്ര വാർത്ത ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) അങ്ങനെ നിർബന്ധം ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗവൺമെൻറ് പുതിയ ബോർഡ് രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ എടുത്തു കൊണ്ടിരിക്കുകയാണ്.

ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ

*355 [374] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലകളുടെ ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ ഇതിനകം നടത്തി;

(ബി) ഏതെല്ലാം ജില്ലകളുടെ സർവ്വേ റിപ്പോർട്ടാണ് ഇതിനകം തയ്യാറാക്കിക്കഴിഞ്ഞിട്ടുള്ളത്;

(സി) തയ്യാറായ റിപ്പോർട്ടുകൾ എന്നേയ്ക്കു പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) കേരളത്തിലെ പതിനൊന്ന് ജില്ലകളുടേയും ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ ഇതിനകം നടത്തിയിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലേയും പാലക്കാടു ജില്ലയിലേയും സർവ്വേ റിപ്പോർട്ടു അച്ചടിയിലാണ്. മറ്റു ജില്ലകളിലെ കരടു റിപ്പോർട്ടുകൾ തയ്യാറാക്കി കഴിഞ്ഞു.

(സി) എല്ലാ ജില്ലകളിലേയും സർവ്വേ റിപ്പോർട്ടുകൾ രണ്ടു മാസത്തിനകം പ്രസിദ്ധീകരിക്കുന്നതാണ്.

വിറകു ഡിപ്പോ സെൻറുകൾ

*356 [375] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വികസന കോർപ്പറേഷൻ മുഖേന ആരംഭിച്ചിട്ടുള്ള വിറകു ഡിപ്പോ സെൻറുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വിറകു ക്ഷാമം അനുഭവപ്പെടുന്ന തീരദേശങ്ങളിൽ വിറകു ഡിപ്പോ ആരംഭിക്കുന്നതിന് വല്ല നിർദ്ദേശവും ഗവൺമെൻറിൻെറ പരിഗണനയിൽ ഉണ്ടോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly